**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ
തിരുവനന്തപുരം

**സി.ജി&എ.സി/66101/2015എച്ച്.എസ്.ഇ** **തീയതി : 06/11/2015**

**വിഷയം:-** നൈപുണ്യാധിഷ്ഠിത സഹവാസ ക്യാമ്പുകൾ - സംബന്ധിച്ച് -
**സൂചന:** 20/07/2015-ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം.2927/2015/പൊ.വി.

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലും അസാപ്പുമായി (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ചേർന്നു നടത്തുന്ന ***Skill Mentorship for Innovative Life Experience*** (***SMILE***) എന്ന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് നൈപുണ്യാധിഷ്ഠിത സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

വിദ്യാർത്ഥികളുടെ അഭിരുചി അനുസരിച്ച് വിവിധ തൊഴിൽ മേഖലകൾ തെരഞ്ഞെടുക്കുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് ***നൈപുണ്യാധിഷ്ഠിത സഹവാസ ക്യാമ്പ്.*** ഓരോ മേഖലയിലേയും പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കുവാൻ അവസരം ലഭിക്കുന്നതോടൊപ്പം പ്രവൃത്തി പരിചയത്തിലൂടെ തൊഴിൽ മേഖലകളെ അടുത്തറിയുവാനും അവയിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുവാനും സഹവാസ ക്യാമ്പ് സഹായകമാകുന്നു.

സാങ്കേതിക മേഖലയിൽ തൊഴിൽ കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടിയാണ് ഈ സഹവാസ ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിൽ വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനവും സംയോജിപ്പിക്കുന്നതിനു നേതൃത്വപരമായ പ്രവർത്തനം നടത്തി വരുന്ന അസാപ്പ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ആണ് ഈ പരിപാടിയുടെ മുഖ്യ അക്കാദമിക പങ്കാളി.

മൂന്ന് തൊഴിൽ മേഖലകളെ അധികരിച്ചാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്.

1, മാധ്യമ മേഖല

2, കാർഷിക മേഖല

3, ആട്ടോ മൊബൈൽ മേഖല

# <u>മാധ്യമ മേഖല</u>

**തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം** എന്നീ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് മാധ്യമ ക്യാമ്പിലേക്കു പരിഗണിക്കപ്പെടുന്നത്. മാധ്യമ രംഗത്തെ വിവിധ മേഖലകളായ പത്രം, ടെലിവിഷൻ, സിനിമ, അനിമേഷൻ തുടങ്ങിയവയെക്കുറിച്ച് അടിസ്ഥാന വിവരങ്ങൾ നൽകുന്നതോടൊപ്പം തൊഴിൽ പഠന സാധ്യതകളെക്കുറിച്ചും മൂന്നു ദിവസത്തെ സഹവാസ ക്യാമ്പിൽ ചർച്ച ചെയ്യുന്നതാണ്. തിരുവനന്തപുരം **മരിയ റാണി ട്രെയിനിംഗ് സെന്ററിൽ** വച്ച് **നവംബർ 23,24,25** എന്നീ തീയതികളിലും **നവംബർ 24,25,26** എന്നീ തീയതികളിലുമായി രണ്ടു ക്യാമ്പുകളാണ് സംഘടിപ്പിക്കുന്നത്. മാധ്യമ രംഗത്ത് പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ള 50 പേർക്കാണ് ഓരോ ക്യാമ്പിലേക്കും പ്രവേശനം നൽകുന്നത്.

# <u>കാർഷിക മേഖല</u>

**ആലപ്പുഴ, ഇടുക്കി, തൃശൂർ, പാലക്കാട്** എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളാണ് കാർഷിക തൊഴിലനുഭവങ്ങളുടെ ക്യാമ്പിലേക്കു പരിഗണിക്കപ്പെടുന്നത്.

ആധുനിക കാർഷിക തൊഴിൽ മേഖലകൾ, കൃഷിയിലെ സാങ്കേതിക വളർച്ച എന്നിവ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ ഈ തൊഴിലുകളെപ്പറ്റിയുള്ള അറിവ് നമ്മുടെ സമൂഹത്തിൽ തുലോം കുറവാണ്. അതിനാൽ കൃഷിയെ ഒരു സംസ്കാരമായും അതേസമയം ഉന്നത സാങ്കേതിക വളർച്ചയാർജ്ജിച്ച ഒരു വൈജ്ഞാനിക തൊഴിൽ മേഖലയായും മനസിലാക്കുവാൻ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കു അവസരമുണ്ടാക്കുന്നതാണ് മൂന്ന് ദിവസത്തെ സഹവാസ ക്യാമ്പ്.

**തൃശൂർ കാർഷിക സർവ്വകലാശാലയിൽ വച്ച് 2015 നവംബർ 18,19,20 തീയതികളിലും നവംബർ 29,30 ഡിസംബർ 1 എന്നീ തീയതികളിലുമായി രണ്ട് ക്യാമ്പുകളാണ് സംഘടിപ്പിക്കുന്നത്.**

സഹവാസ ക്യാമ്പിന്റെ ഭാഗമായിട്ടുള്ള സെഷനുകളിൽ താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1, കൃഷി ഒരു സംസ്കാരിക അനുഭവമാക്കുന്ന സർഗ്ഗാത്മക സായാഹ്നങ്ങൾ.

2, ആസ്വാദ്യകരമായ കാർഷിക പ്രവർത്തനങ്ങളിൽ ഇടപെടാനും കാർഷിക വിദഗ്ധരുമായി സംവദിക്കാനും അവസരം.

3, നൂതന കാർഷിക സാങ്കേതിക വിദ്യയുടെ ഭാഗമായ ഗ്രീൻ ഹൗസ് കൃഷി, ഫെർട്ടിഗേഷൻ തുടങ്ങിയവയുടെ വിശദാംശങ്ങൾ

4, കൃഷി അനുബന്ധ മേഖലകളിലെ ഉപരിപഠന, തൊഴിൽ സാദ്ധ്യതകൾ.

5, പച്ചക്കറി സ്വയം പര്യാപ്തത, ജൈവകൃഷി, വിഷരഹിത കൃഷി എന്നിവ പരിചയപ്പെടുത്തുന്ന പരിശീലനക്കളരികൾ.

# ആട്ടോ മൊബൈൽ മേഖല

**എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്** എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളാണ് ആട്ടോ മൊബൈൽ മേഖലയെക്കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ നൽകുന്ന സഹവാസ ക്യാമ്പിലേക്കു പരിഗണിക്കപ്പെടുന്നത്.

ആട്ടോ മൊബൈൽ മേഖലയിലെ വിവിധ തൊഴിൽ പഠന സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്ന സഹവാസ ക്യാമ്പിൽ തിയറി ക്ളാസ്സുകളോടൊപ്പം വിവിധ ആട്ടോ മൊബൈൽ ഉപകരണങ്ങളും മെഷിനുകളും പരിചയപ്പെടുത്തുന്ന പ്രവർത്തിതല സെഷനുകളും ഉൾപ്പെടുത്തിയുട്ടുണ്ട്. എറണാകുളം ജില്ലയിലെ ***കൂട്ടുകാരൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എച്ച്.ആർ.ഡി*** - യിൽ വച്ച് **2015 നവംബർ 18,19,20 തീയതികളിലും നവംബർ 22,23,24 തീയതികളിലും നവംബർ 25,26,27** എന്നീ തീയതികളിലുമായിട്ടാണ് മൂന്ന് സഹവാസ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

***<u>സഹവാസ ക്യാമ്പിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ</u>***

ജില്ലാതലത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന 25 പേർക്കാണ് ക്യാമ്പിലേക്ക് പ്രവേശനം നൽകുന്നത്. ജില്ലാതല അഭിരുചി പരീക്ഷ **2015 നവംബർ 12-ാം തീയതി** തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ വച്ച് **ഉച്ചയ്ക്ക് 2.00** മണിക്ക് നടത്തുന്നതാണ്.

സ്കൂൾ തലത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിയാണ് ജില്ലാതല പരീക്ഷയിൽ പങ്കെടുക്കേണ്ടത്. സ്കൂൾ തല പരീക്ഷ 2015 **2015 നവംബർ 11-ാം തീയതി** നടത്തേണ്ടതാണ്. സ്കൂൾ തല പരീക്ഷക്കുള്ള ചോദ്യപേപ്പറിനായി കരിയർ ഗൈഡുമാർ ഇ-മെയിൽ മുഖാന്തിരം ജില്ലാ കോർഡിനേറ്ററോട് അപേക്ഷിക്കേണ്ടതാണ്. ജില്ലാ കോർഡിനേറ്റർമാർ ഇ-മെയിൽ മുഖാന്തിരം ഓരോ സ്കൂളിലും ചോദ്യപേപ്പറുകൾ ലഭ്യമാക്കേണ്ടതാണ്. ജില്ലാ കോർഡിനേറ്റർമാരുടെ വിവരങ്ങളും ജില്ലാതല പരീക്ഷാകേന്ദ്രങ്ങളും താഴെ കൊടുക്കുന്നു.

| SL. No | District | Venue of District Level Test | Details of Dist. Co-ordinators |
|---|---|---|---|
| 1 | TVM | GMHSS,Thycaud | G.R. Anil, HSST,<br>9349729405<br>granilcareer@gmail.com |
| 2 | KLM | Vimala Hridaya Girls HSS, Pattathanam | Fr. Thomson Grace<br>9447892491<br>gracetfrjgmg@gmail.com |
| 3 | PTA | Balikamatom GHSS, Thiruvalla | Leelamma George<br>9446021994<br>leelammageorge70@yahoo.in |
| 4 | APA | LEO XIII HSS Allappuzha | A Salam<br>9447275369<br>a.salam307@gmail.com |
| 5 | KTM | MT Seminary HSS , Kottayam | Joby .P.C<br>9446124087<br>jobypct@gmail.com |
| 6 | IDI | St. George HSS, Kattappana | K.J. Joseph Koyickal<br>9446720363<br>kjjkoyickal@gmail.com |
| 7 | EKM | Govt. Boys HSS ,Aluva | Dr. C.A. Bijoy,<br>9447813059<br>dhsecgacekm@gmail.com |
| 8 | TSR | Govt. Model Boys HSS, Thrissur | K.S. Bharatha Rajan<br>9447215269<br>bharatharajanks@gmail.com |
| 9 | PKD | GV HSS Pathiripala | Haneef. K.T<br>9446058916<br>minuhanee@gmail.com |
| 10 | MPM | St.Gemmas HSS,Malappuram | Jamaludheen. T<br>9447452538<br>tjamaludheen@gmail.com |
| 11 | KKD | Govt. Model HSS, Kozhikode | Nizar. C<br>9946487387<br>nizarcheleri@gmail.com |
| 12 | WYD | SKMJ HSS, Kalpetta Wayanad | Philip. C. E<br>9961461466<br>Philipsamm111@gmail.com |
| 13 | KNR | Govt. Town HSS, Kannur | Rajesh .N, HSST,<br>9447267387<br>rajeshnmsw@gmail.com |
| 14 | KSGD | GHSS Cherkala, Kasaragode | Sajeevan. M<br>9447321811<br>sajimatapparambath@gmail.com |

കരിയർ ഗൈഡുമാർ ചോദ്യപേപ്പറുകളുടെ ആവശ്യമായ പകർപ്പുകളെടുത്തു സ്കൂൾതല പരീക്ഷകൾ നടത്തേണ്ടതും അതിനാവശ്യമായ ചെലവ് പി.റ്റി.എ ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതുമാണ്.

സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കിട്ടുന്ന അപൂർവ്വ അവസരങ്ങളിലൊന്നായ ഈ പദ്ധതി പരമാവധി പ്രയോജനപ്പെടുത്തുവാൻ പ്രിൻസിപ്പാൾമാരും കരിയർ ഗൈഡുകളും ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റേറ്റ് കോർഡിനേറ്റർ

പകർപ്പ്,

1, റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാർ
2, പ്രിൻസിപ്പാൾമാർ
3, കരിയർ ഗൈഡുകൾ
4, സൗഹൃദ കോർഡിനേറ്റർമാർ